# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6069** **19/11/2019 ൽ മറുപടിക്ക്**

**<u>കോന്നി മണ്ഡലത്തിൽ ശബരിമല തീർത്ഥാടകർക്ക് ഇടത്താവളം</u>**

**ചോദ്യം**

**ശ്രീ.കെ.യു. ജനീഷ് കുമാർ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്ക് ഇടത്താവളമായി കോന്നി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; | (എ) | കോന്നി മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രവും, മലയാലപ്പുഴ ദേവീ ക്ഷേത്രവും |
| (ബി) | ഈ ക്ഷേത്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | **<u>കോന്നി മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രം</u>**<br><br>കോന്നി മുരിങ്ങമംഗലം ദേവസ്വത്തിൽ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് ജില്ലാ പഞ്ചായത്ത് രണ്ട് ഇടത്താവളവും, ടോയ് ലെറ്റ് സംവിധാനവും എല്ലാ വർഷത്തെയും പോലെ ഈ വർഷവും സജ്ജമാക്കിയിട്ടുണ്ട്. അയ്യപ്പഭക്തൻമാരുടെ വരവ് വർദ്ധിക്കുമ്പോൾ ക്ഷേത്രത്തിന്റെ ആനക്കൊട്ടിലിൽ വിരിവയ്ക്കുന്നതിന് വേണ്ട സൗകര്യമൊരുക്കുന്നതാണ്. വിവാഹമില്ലാത്ത ദിവസങ്ങളിൽ ക്ഷേത്രത്തിന്റെ ഊട്ടുപുരയും സ്വാമിമാർക്ക് വിശ്രമിക്കുന്നതിനായി എല്ലാ വർഷത്തെയും പോലെ കൊടുക്കുന്നതാണ്, വൈദ്യുതി സംവിധാനം ദേവസ്വം ബോർഡ് നേരിട്ട് നൽകുന്നതാണ്.<br><br>**<u>മലയാലപ്പുഴ ദേവീ ക്ഷേത്രം</u>**<br>മലയാലപ്പുഴ ദേവസ്വത്തിലെ സദ്യാലയത്തിന്റെ മുകൾവശം സ്വാമിമാർക്കായി എല്ലാ വർഷത്തെയും പോലെ തുറന്നുകൊടുക്കുന്നതാണ്. ടോയ് |

| | | | |
|---|---|---|---|
| | | | ലൈറ്റ് സംവിധാനവും നിലവിലുണ്ട്. ക്ഷേത്രത്തിന്റെ തെക്കുവശത്തായിട്ടുള്ള സ്റ്റേജും ചുറ്റുനടപ്പന്തലും സ്വാമി ഭക്തൻമാർക്ക് വിരിവയ്ക്കുന്നതിനായി നൽകുന്നതുമാണ്. |
| (സി) | ഈ ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) | ക്ഷേത്രങ്ങളുടെ വികസനത്തിന്റെ ആവശ്യകത അനുസരിച്ച് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ